# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1309 — 06.03.2020 ൽ മറുപടിയ്ക്ക്

## ഔഷധ സസ്യങ്ങളുടെ ന്യായവിലയ്ക്ക് സംഭരണ കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ; | എ) ഔഷധ സസ്യകൃഷി വ്യാപിപ്പിക്കുന്നതിന് 2019-20 വാർഷിക പദ്ധതിയിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഔഷധ കൃഷി വ്യാപനം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം ചേരുകയും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഔഷധ സസ്യകൃഷി വ്യാപകമാക്കുന്നതിനെക്കുറിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിൽ ലഭ്യമായ സ്ഥലങ്ങളിലും സർക്കാർ ഫാമുകളിലും ഔഷധ സസ്യകൃഷി നടത്തുന്നതിനും സംസ്ഥാന വ്യാപകമായി ഔഷധ സസ്യകൃഷി നടപ്പിലാക്കുന്നതിന് ഒരു കർമ്മ പദ്ധതി രൂപീകരിക്കുന്നതിനും പ്രസ്തുത യോഗം തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. കർമ്മ പദ്ധതി രൂപീകരിക്കുന്നതിനും സർക്കാരിന്റെ അംഗീകാരത്തിനു വിധേയമായി അതു നടപ്പിലാക്കുന്നതിനും ആയുഷ്, കൃഷി വകുപ്പുകളുടെയും മറ്റ് ഏജൻസികളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി കൃഷി ഡയറക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റി യോഗം ചേരുകയും ഓരോ വകുപ്പിനും നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ സംയോജിപ്പിച്ച് ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്, വനം വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ കേരള, കൃഷി വകുപ്പ്, നാഷണൽ ആയുഷ് മിഷൻ, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ എന്നീ സംവിധാനത്തിലെ ചുമതലപ്പെട്ടവർ യോഗം ചേർന്ന് അടുത്ത മന്ത്രിതല യോഗത്തിൽ സമർപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2019-20 വർഷത്തെ 100 ലക്ഷം രൂപയുടെ പദ്ധതി പരിഷ്കരിച്ച് |

വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ കർഷകർക്കുള്ള പരിശീലന പരിപാടി, വീട്ടുവളപ്പിലെ ഔഷധ കൃഷി പ്രോത്സാഹിപ്പിക്കൽ, പ്രൈമറി പ്രോസസിംഗ് യൂണിറ്റിനുള്ള ധനസഹായം മുതലായ ഘടകങ്ങൾ ഉൾപ്പെടുന്നു. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരള ദേശീയ ആയുഷ് മിഷന്റെ ഔഷധ സസ്യകൃഷി വ്യാപന പദ്ധതി 2015-16, 2016-17 വർഷങ്ങളിൽ നടപ്പിലാക്കിയിരുന്നു. ഔഷധ സസ്യങ്ങളുടെ വിള വിസ്തൃതി വ്യാപിപ്പിക്കുക, വിളവെടുപ്പാനന്തര പരിപാലനം മുതലായ ഘടകങ്ങൾക്കാണ് ധനസഹായം നൽകിയിരുന്നത്. 2017-18 മുതൽ സംസ്ഥാന ഔഷധ സസ്യ ബോർഡാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ബി) ഇതിലേക്കായി ഔഷധ സസ്യങ്ങൾ സൗജന്യമായി വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

ബി) ഉണ്ട്. 10000 വീട്ടുവളപ്പുകളിൽ ഔഷധ സസ്യങ്ങളുടെ 700 രൂപ വിലയുള്ള കിറ്റ് 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ 10 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന വാണിജ്യ കൃഷിക്ക് നടീൽ വസ്തുക്കൾ സൗജന്യമായി വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സി) കർഷകർ ഉല്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് ന്യായവില ലഭിക്കുന്നതിനായി ഔഷധിയുമായിച്ചേർന്ന് സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

സി) കൃഷി ആരംഭിക്കുന്നതിനു മുമ്പു തന്നെ കർഷകർ ഉല്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾ ഉൾപ്പെടെ ഇൻഡസ്ട്രിയ്ക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിക്കുന്നതിന് ഔഷധിയുമായി ചേർന്ന് ഒരു MOU ഒപ്പിടുന്നതിനും ഡിമാന്റ് അനുസ്സരിച്ചുള്ള ഔഷധസസ്യ ഇനങ്ങൾ കൃഷി ചെയ്യുന്നതിന് കർഷകർക്ക് നിർദ്ദേശം നൽകുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ പ്രൈമറി പ്രോസസിംഗ് യൂണിറ്റുകൾക്ക് 2 ലക്ഷം രൂപാ നിരക്കിൽ ധനസഹായം നൽകുന്നതിനും ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നു. സെമി പ്രോസസ്ഡ് പദാർത്ഥങ്ങൾ കൂടി ശേഖരിക്കുന്നതിനും ഔഷധിയുമായി കരാറിൽ ഏർപ്പെടുന്നതിനും ഉദ്ദേശിക്കുന്നു.

Mayal

**സെക്ഷൻ ഓഫീസർ**